**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103** **11-03-2025 - ൽ മറുപടിയ്ക്ക്**

**പിട്ടുപീടിക - മങ്കോട് റോഡ് നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ - പുതുനഗരം ഗ്രാമപ്പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പിട്ടുപീടിക - മാങ്കോട് റോഡിന്റെ പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | കൊട്ടുവായൂർ, പുതുനഗരം എന്നീ പഞ്ചായത്തുകളുടെ അധീനതയിലുള്ള പിട്ടുപീടിക, മൈലാർ-മാങ്ങോട് റോഡ് NABARD RIDF XXV ൽ ഉൾപ്പെടുത്തി 'improvements to Pittupeedika-Mylar-Mangode Road Km 0/000-4/300 in Nemmara LAC in Palakkad District' എന്ന പ്രവൃത്തി തുടങ്ങുവാൻ കരാറുകാരനായ ശ്രീ. എം. ടി അബ്ദുൾ കബീർ, എന്നവർക്ക് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 (എട്ട്) മാസം ആയിരുന്നു. ഇതുപ്രകാരം 28-05-2021 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. മൂന്നു തവണയായി പിഴ ഇല്ലാതെയും രണ്ടുതവണയായി പിഴയോടുകൂടിയും പ്രവൃത്തി കാലാവധി നീട്ടി നൽകുന്നതിന് ശിപാർശ നൽകിയിരുന്നു. എന്നാൽ അതിനുശേഷവും കരാറുകാരൻ പ്രവൃത്തി മന്ദഗതിയിൽതന്നെയാണ് നടത്തിക്കൊണ്ടിരുന്നത്. നിലവിൽ culvert, Drain എന്നീ പ്രവൃത്തികളും റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി GSB വിരിക്കുന്ന പ്രവൃത്തി ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. ഈ റോഡിൽ ജലനിധിയുടെയും, വിവിധ പഞ്ചായത്ത് സമിതികളുടെയും കുടിവെള്ള പൈപ്പുകൾ കുറഞ്ഞ ആഴത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഈ വിവരം എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് പൊതുമരാമത്ത് വകുപ്പിനെ അറിയിക്കാതിരുന്നതിനാൽ എസ്റ്റിമേറ്റിൽ അതിനുള്ള തുക (Utility Shifting) വകയിരുത്തിയിരുന്നില്ല പ്രസ്തുത കുടിവെള്ള പൈപ്പുകൾ ആവശ്യമായ താഴ്ചയിലേക്ക് മാറ്റി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ട് പഞ്ചായത്തിനോട് ആവശ്യപ്പെട്ടുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പഞ്ചായത്തിന് അതിന് സാധിച്ചില്ല. പൈപ്പുകൾ കൂടുതൽ താഴ്ചയിൽ മാറ്റി സ്ഥാപിക്കാതെ റോഡിന്റെ വീതി കൂട്ടുന്ന പ്രവൃത്തി നടത്തുവാൻ സാധ്യമല്ല എന്ന് കരാറുകാരൻ അറിയിക്കുകയും ഇതിൻ പ്രകാരം |

പൈപ്പ് ലൈൻ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പൈപ്പ് ലൈൻ പ്രവൃത്തി ചെയ്യാൻ കരാറുകാരൻ തയ്യാറായില്ല. മാത്രമല്ല തന്റെ ഒറിജിനൽ സ്കോപ്പ് ഓഫ് വർക്കിൽ പൈപ്പ് ലൈൻ പ്രവൃത്തി ഇല്ലായിരുന്നുവെന്നും ആയതിനാൽ ഈ പ്രവൃത്തിയിൽ നിന്നും തന്നെ പിഴകൂടാതെ ഒഴിവാക്കി തരണമെന്നും കരാറുകാരൻ അപേക്ഷിക്കുകയുണ്ടായി നിരവധി നിർദേശം നൽകിയിട്ടും കരാറുകാരൻ പ്രവൃത്തി തുടരാതെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. കോടതി നിർദ്ദേശ പ്രകാരം കരാറുകാരനെ നേരിൽ കേൾക്കുകയും Risk & Cost വ്യവസ്ഥയി ൽ ഈ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. ഇപ്രകാരം കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ടെർമിനേറ്റ് ചെയ്തതിനാൽ പ്രവൃത്തി റി-അറേഞ്ച് ചെയ്യേണ്ടതുണ്ട്. ആയതിന് കാലതാമസം നേരിടും എന്നതിനാൽ റോഡ് താല്കാലികമായി ഗതാഗതയോഗ്യമാക്കുന്നതിനായി കൊടുവായൂർ, പുതുനഗരം റോഡ് എന്നീ പഞ്ചായത്തുകളുടെ അധീനതയിലുള്ള റോഡുകൾ അതാത് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത റോഡുകളിൽ ജല അതോറിറ്റി JJM പ്രവർത്തിയുടെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ആവശ്യപ്പെട്ടതുപ്രകാരം റെസ്റ്റോറേഷൻ തുക ഒടുക്കുന്നതിനായി KWA എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ട് JJM പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സമയത്തു തന്നെ നിലവിൽ താഴ്ച കുറവായിട്ടുള്ള സ്ഥലങ്ങളിലുള്ള പഞ്ചായത്തു സമിതികളുടെ പൈപ്പ് ലൈനും മാറ്റി സ്ഥാപിച്ചാൽ മാത്രമേ ബാക്കിയുള്ള പ്രവൃത്തികളുടെ റോഡ് വീതികൂട്ടൽ അതിനു മുകളിലായി ബി എം &ബി സി മുതലായ പ്രവൃത്തികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. കേരള വാട്ടർ അതോറിറ്റി അധികൃതർ റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ടെന്നും, അതിനായി പൊതുമരാമത്ത് വകുപ്പ് നേരത്തെ തന്നിട്ടുള്ള ഡിമാന്റ് നോട്ടീസ് തുക റിവൈസ് ചെയ്ത് തുക കുറച്ചുതരുവാൻ പാലക്കാട് കളക്ടറേറ്റ് ഹാളിൽ വെച്ച് നടന്ന ജില്ലാ വികസന സമിതി യോഗത്തിലും ആവശ്യപ്പെട്ടിരുന്നു.ആയതിന്റെ തുക റിവൈസ് ചെയ്ത എസ്റ്റിമേറ്റിന് ഡിമാൻഡ് നോട്ടീസ് നൽകുകയും തുക ഒടുക്കിയതുപ്രകാരം ആയതിന് 04-09-2024 തിയ്യതിയിൽ അനുവാദം നൽകിയിരുന്നു. നിലവിൽ KWAപൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി

| | | | |
|---|---|---|---|
| | | | അവസാനഘട്ടത്തിലാണ് KWA പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച ഭാഗം restore ചെയ്യുന്നതിനായി സമർപ്പിച്ച 109.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രവൃത്തി പുനക്രമീകരിക്കുന്നതിനായി Revised Estimate-ന് നിലവിൽ അംഗീകാരം നൽകിയിട്ടുണ്ട്. Revised Estimate പ്രകാരം ഇനി നിർവഹിക്കാനുള്ള ബാക്കി പ്രവൃത്തികളുടെ Balance Estimate തയ്യാറാക്കി വരുന്നു. ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ Balance Estimate, Restoration Estimate എന്നിവയ്ക്ക് അംഗീകാരം നൽകി തുടർനടപടികൾ സ്വീകരിച്ച് ടി പ്രവൃത്തി തുടങ്ങുവാൻ സാധിക്കുന്നതാണ്. കൂടാതെ NABARD Tranche XXVൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ 30-06-2025 -ഓട്ടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | നിലവിലുള്ള തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ച് റോഡുപണി എന്ന് തുടങ്ങാൻ കഴിയുമെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | Tranche RIDF XXV ന്റെ കാലാവധി 2025 മാർച്ച് വരെയാണ്. കോൺട്രാക്ടറെ Risk and Cost ൽ ടെർമിനേറ്റ് ചെയ്തിരിക്കുന്നതിനാൽ അവശേഷിക്കുന്ന വർക്കുകൾ ഉൾപ്പെടുത്തിയ ബാലൻസ് എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ചെയ്ത് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ കരാറുകാരൻ Risk and Cost വ്യവസ്ഥയിൽ ടെർമിനേറ്റ് ചെയ്തതിനെതിരെ ബഹുമാനപ്പെട്ട കോടതിയിൽ കേസ് നൽകിയിട്ടുണ്ട് ബാലൻസ് വർക്ക് അറേഞ്ച് ചെയ്യുന്നതിന് മുമ്പായി തന്നെ കേരള വാട്ടർ അതോറിറ്റിയുടെ JJM പ്രവൃത്തിയും ശേഷമുള്ള റിസ്റ്റോറേഷൻ പ്രവൃത്തിയും പൂർത്തിയാക്കേണ്ടതുണ്ട്. ട്രാഞ്ചേ കാലാവധി 2025 മാർച്ചിൽ അവസാനിക്കുന്നതിനാൽ നിലവിലെ JJM പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷം തുടർ നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ